ഈ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള ഫോറവും വിശദാംശങ്ങളും അനെർട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത ഫോറം പൂരിപ്പിച്ച് മതിയായ രേഖകളോടൊപ്പം അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ അനെർട്ട് ഹെഡ് ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നതും സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട തുടർനടപടികൾക്ക് അനുമതി നൽകുന്നതുമാണ്.

(ബി) പ്രസ്തുതപദ്ധതിയിൽ നാളിതുവരെയായി 6400-ഓളം സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ വികേന്ദ്രീകൃതമായി 6.4 മെഗാവാട്ടിന്റെ സ്ഥാപിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) റൂഫ്ടോപ്പ് ഓഫ്ഗ്രിഡ് സൗരോർജ്ജനിലയങ്ങൾ സബ്സിഡിയോടെ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പാക്കുന്നുണ്ട്. ഇപ്പോൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഗ്രിഡുമായി ബന്ധിപ്പിച്ച് വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച റെഗുലേഷൻ പ്രസിദ്ധീകരിച്ചുകഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്ലാന്റുകളുടെ വ്യാപനത്തിനായുള്ള പദ്ധതികളും അനെർട്ടിലൂടെ നടപ്പാക്കുന്നത് ആലോചിച്ചുവരുന്നു. കാറ്റിൽനിന്ന് വൈദ്യുതി ഉണ്ടാക്കുന്ന കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ പവനോർജ്ജ ലഭ്യത സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ അനെർട്ട് നടത്തിവരുന്നു. സോളാർ വാട്ടർ ഹീറ്റർ വ്യാപനത്തിനായി അനെർട്ട് നടപ്പാക്കിവരുന്ന പദ്ധതികൾ മുഖേന വലിയ അളവിൽ വൈദ്യുതിയുടെ ആവശ്യകതയിൽ കുറവ് വരുന്നുണ്ട്. ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ ഭാവിയിൽ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനായി ഓർഗനൈസേഷൻ റീസ്ട്രക്ചറിംഗ്വഴി അനെർട്ടിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഗ്രിഡ് ബന്ധിത സൗരോർജ്ജ വികസനം

62 (6513) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രിഡ് ബന്ധിത സൗരോർജ്ജപദ്ധതി വികസനത്തിന് കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിൽ എവിടെയെല്ലാമാണ് പ്രസ്തുതപദ്ധതിക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളത് ; പദ്ധതി നടപ്പാക്കുന്നതിന് കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) എത്ര മെഗാവാട്ട് ശേഷിയുള്ള പ്ലാന്റാണ് ഓരോ സ്ഥലത്തും സ്ഥാപിക്കുന്നത് ; എന്നത്തേക്ക് ഉല്പാദനം ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത് ;

(ഡി) വൈദ്യുതി ഉല്പാദനച്ചെലവ് എത്രരൂപ വരെയാകും എന്നറിയിക്കുമോ ; എത്ര രൂപയ്ക്ക് കമ്പനി വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് കൈമാറും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറുതും വലുതുമായ ഗ്രിഡ് ബന്ധിത സൗരോർജ്ജ പദ്ധതികളുടെ വികസനത്തിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സജീവശ്രദ്ധ നൽകുന്നുണ്ട്. ഗ്രിഡ് ബന്ധിത വൻകിട സൗരോർജ്ജ പദ്ധതി വികസനത്തിന് നാഷണൽ ഹൈഡ്രോ പവർ ലിമിറ്റഡും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും തമ്മിൽ 7-5-2014-ൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) നിലവിൽ, ധാരണാപത്രപ്രകാരം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സൗരോർജ്ജ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിലാണ്.

വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിലെ ഭൂമി ഉടമസ്ഥരെ ചേർത്ത് ഒരു വിശിഷ്ടോദ്ദേശ നിർവ്വഹണത്തിനായുള്ള കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ഉണ്ടാക്കുന്നതാണ്. ഇത് രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സഹായം നൽകുന്നതാണ്.

(സി) 50 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റ്, വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പരമാവധി 18 മുതൽ 20 മാസംവരെയാണ് ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഉദ്ദേശിച്ചിരിക്കുന്നത്.

(ഡി) പദ്ധതിയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ താരിഫ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ് തീരുമാനിക്കുന്നത്. പദ്ധതിക്കാവശ്യമായിവരുന്ന സ്ഥലത്തിന്റെ പാട്ടകരം സ്ഥലത്തിന്റെ ഉടമസ്ഥരുടെ കണക്കിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് കൈമാറുന്നതാണ്. പദ്ധതിയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക്, ഭൂമിയുടെ വില മൂലധനത്തിൽ ഉൾപ്പെടുത്താതെ കണക്കാക്കുകയും ആ വിലയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതിയിൽനിന്നുള്ള വൈദ്യുതി, എൻ.എച്ച്.പി.സി.-യിൽനിന്ന് വാങ്ങുകയും ചെയ്യും. ഭൂമിയുടെ പാട്ടത്തുക, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വാർഷികചെലവുകളിൽ ഉൾപ്പെടുത്തുവാനും റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടും.

പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.), എൻ. എച്ച്. പി. സി. തയ്യാറാക്കുന്നുണ്ട്. ഡി.പി.ആർ. പൂർത്തിയാകുന്നതോടെ വൈദ്യുതി വില ഉൾപ്പെടെയുള്ള സാങ്കേതിക കാര്യങ്ങളിൽ വ്യക്തതയുണ്ടാകും.

ലാഭപ്രഭ പദ്ധതി

63 (6514) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാഭപ്രഭ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര പേർക്കാണ് സി.എഫ്.എൽ. ലാമ്പുകൾ സൗജന്യമായി നൽകിയത് ; ഈ ഇനത്തിൽ എന്തുതുക ചെലവഴിച്ചിട്ടുണ്ട് ; ഇതിനാവശ്യമായ തുക എവിടെ നിന്നാണ് കണ്ടെത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly